(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം 6392 പേർക്ക് സ്ഥിരനിയമനവും, 25300 പേർക്ക് താല്ക്കാലിക നിയമനവും നൽകിയിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവർക്ക് സ്വയം തൊഴിൽ പദ്ധതി

97 [3106] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് സ്വയം തൊഴിൽ പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് നല്കിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര രൂപ വരെയുള്ള സ്വയം തൊഴിൽ പദ്ധതികൾക്കാണ് സഹായം നൽകുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവർക്ക് "കെസ്റു-ഈ" (കേരളാ സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്) എന്ന പേരിൽ നടപ്പിലാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതി പ്രകാരം അപേക്ഷകൾ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് അനുസരിച്ച് സാധാരണ ഗതിയിൽ 30,000 രൂപ വരെ ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ നൽകി വരുന്നു. ആവശ്യമെന്നുകാണുന്ന പക്ഷം 50,000 രൂപ വരെ വായ്പ തുക ലഭ്യമാക്കുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങൾ മുഖേന അനുവദിക്കുന്ന വായ്പാ തുകയുടെ 20% സബ്സിഡിയായി സർക്കാർ നൽകിവരുന്നു.

സീനിയോറിറ്റി ലിസ്റ്റിൽ ക്രമക്കേട്

98 [3107] ശ്രീ. കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സീനിയോറിറ്റി ലിസ്റ്റിൽ ക്രമക്കേട് നടത്തി നിയമനങ്ങൾ നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളത്;

(സി) ക്രമക്കേട് നടത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും, നെയ്യാറ്റിൻകര, പരവൂർ, അടിമാലി, വൈക്കം, തിരൂരങ്ങാടി, സുൽത്താൻബത്തേരി, തലശ്ശേരി, തളിപ്പറമ്പ് എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികളെ ക്രമവിരുദ്ധമായി നാമനിർദ്ദേശം ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ 20 കേസുകളിലായി 30 പേർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയുണ്ടായി. ഇതിൻപ്രകാരം 2 പേരെ സസ്പെൻഡ് ചെയ്തു. ഇതിൽ ഒരാളിനെ എംപ്ലോയ്മെന്റ് ഡയറക്ടറും അപരനെ വിജിലൻസ് വകുപ്പുമാണ് സസ്പെൻഡ് ചെയ്തത്. വിജിലൻസ് വകുപ്പിൽനിന്ന് സസ്പെൻഡ് ചെയ്യപ്പെട്ടയാൾ ഇപ്പോഴും സസ്പെൻഷനിൽ തന്നെ തുടരുകയാണ്.

അച്ചടക്ക നടപടി സ്വീകരിച്ച 20 കേസുകളിലായി 6 ഉദ്യോഗസ്ഥൻമാർക്ക് സെൻഷർ നൽകിയിട്ടുണ്ട്. 4 പേരുടെ വാർഷിക ഇൻക്രിമെന്റ് 6 മാസത്തേക്കും, 6 പേരുടെ വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്കും, 2 പേരുടെ 2 വാർഷിക ഇൻക്രിമെന്റുകളും 3 പേരുടെ 3 വാർഷിക ഇൻക്രിമെന്റുകളും സഞ്ചിതഫല ത്തോടെയല്ലാതെ തടഞ്ഞുവച്ചുകൊണ്ട് ശിക്ഷണ നടപടികൾ അവസാനി പ്പിക്കുകയുണ്ടായി.

ഒരു ഉദ്യോഗസ്ഥന്റെ ഒരു വാർഷിക ഇൻക്രിമെന്റും, 2 ഉദ്യോഗസ്ഥൻമാരുടെ 2 വാർഷിക ഇൻക്രിമെന്റുകളും സഞ്ചിതഫലത്തോടെ തടഞ്ഞുവച്ചുകൊണ്ട് ശിക്ഷണ നടപടികൾ അവസാനിപ്പിച്ചു. ബാക്കിയുള്ള കേസുകളിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കംപ്യൂട്ടർ വൽക്കരിക്കുന്നതിലൂടെ വകുപ്പിന്റെ പ്രവർത്തനം ഏറെക്കുറെ കുറ്റമറ്റതായി തീർക്കാൻ കഴിയും.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി

99 [3108] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലിനായി പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ എത്ര വർഷത്തെ സീനിയോറിറ്റി ഉള്ളവരെയാണ് ആരോഗ്യവകുപ്പിലും മറ്റു സർക്കാർ വകുപ്പുകളിലും പാർട്ട് ടൈം ജീവനക്കാരുടെ നിയമനത്തിനായി ശുപാർശ ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പൊതു വിഭാഗത്തിൽപ്പെടുന്നവർക്കും വിവിധ സംവരണവിഭാഗത്തിൽപ്പെടുന്നവർക്കും എത്ര വർഷത്തെ സീനിയോറിറ്റി ആവശ്യമുണ്ടെന്ന് വെളിപ്പെടുത്താമോ;